**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3095** **18-06-2019 ൽ മറുപടിക്ക്**

**പാട്ടത്തിന് എടുത്ത ശേഷം വിറ്റ ഭൂമി തിരിച്ചെടുക്കാൻ നടപടി**

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ. പാറക്കൽ അബ്ദുല്ല | ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർക്കാരിൽ നിന്ന് പാട്ടത്തിന് എടുത്ത ശേഷം സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും വിറ്റ ഭൂമി തിരിച്ചെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. പ്രസ്തുത ഭൂമി തിരിച്ചെടുക്കുന്നതിന് നിയമാനുസൃത നോട്ടീസ് നൽകി കക്ഷിയെ നേരിൽ കേൾക്കുന്നതിനും പാട്ട കുടിശ്ശിക പിരിച്ചെടുക്കുന്നതിനും പാട്ട ഭൂമി തിരിച്ചെടുക്കുന്നതിനുമുള്ള വിശദമായ ശുപാർശ ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തിരം സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിന് സാധ്യമാക്കുന്ന തരത്തിൽ ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി കൊണ്ടുവരാൻ റവന്യൂ വകുപ്പ് നടപടി സ്വീകരിക്കുമോ; | (ബി) യും (സി) യും കേരള ഭൂപരിഷ്കരണ നിയമത്തിൽ ഇതിനായി ഭേദഗതി ആവശ്യമുള്ളതായി കാണുന്നില്ല. പാട്ടത്തിന് എടുത്ത ശേഷം വിറ്റ ഭൂമി തിരച്ചെടുക്കുന്നതു സംബന്ധിച്ച വിഷയത്തിൽ സ്വീകരിക്കേണ്ട തുടർ നടപടികൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) എം.ജി. രാജമാണിക്യം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ നിയമ ഭേദഗതിക്ക് സർക്കാർ ഒരുങ്ങുന്നത്; എങ്കിൽ നിയമഭേദഗതി വരുന്നതിലൂടെ ആയിരക്കണക്കിന് ഏക്കർ ഭൂമി ഏറ്റെടുക്കാൻ സർക്കാരിന് കഴിയുമോയെന്ന് വ്യക്തമാക്കാമോ? | |

**സെക്ഷൻ ഓഫീസർ**